# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം.11** **25/04/2017-ൽ മറുപടിക്ക്**

### തൃശൂർ പൂരം വെടിക്കെട്ടിന് ഉപയോഗിക്കുന്ന വസ്തുക്കൾ കൊച്ചിയിൽ പരിശോധിക്കുവാൻ അനുമതി

| ചോദ്യം<br>ശ്രീ.അനിൽ അക്കര | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കേന്ദ്രവാണിജ്യവ്യവസായ വകുപ്പിന്റെ വെടിക്കെട്ട് സംബന്ധിച്ച നിബന്ധനയിലെ പല നിർദ്ദേശങ്ങളും അപ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | 2008ലെ സ്ഫോടവസ്തുക്കൾ ചട്ടങ്ങളിലെ (Explosive Rules) ചട്ടം 126 പ്രകാരം കേന്ദ്രവാണിജ്യവ്യവസായ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ നിയമാനുസൃതവും പൊതുസുരക്ഷയെ മുൻനിർത്തിയുള്ളവയുമാണ്. ആയവ അപ്രായോഗികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഈ നിർദ്ദേശങ്ങൾ തൃശ്ശൂർ പൂരം വെടിക്കെട്ടിനെ എപ്രകാരം ബാധിക്കുമെന്ന് അറിയിക്കുമോ; | ബി) | തൃശ്ശൂർ പൂരത്തോടനുബന്ധിച്ച് ഉള്ള തടക്കമുള്ള വെടിക്കെട്ട് പ്രദർശനങ്ങൾ നിയമവിധേയവും അപകടരഹിതവുമായും നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശമാണ് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. |
| സി) | പൂരം വെടിക്കെട്ടിന് ഉപയോഗിക്കുന്ന വസ്തുക്കൾ നാഗ്പൂരിൽ കൊണ്ടുപോയി പരിശോധിക്കണമെന്ന നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ; | | **(സി)& (ഡി)**<br>തൃശ്ശൂർ ജില്ലിയിലെ ബഹു.മന്ത്രിമാരുടെ നേതൃത്വത്തിൽ 2017ലെ തൃശ്ശൂർ പൂരം വെടിക്കെട്ടിന്റെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് 12/04/2017ന് നടന്ന ഉന്നത തലയോഗത്തിൽ പെട്രോളിയം & എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുള്ളതും സ്ഫോടകവസ്തു ചട്ടങ്ങളിലെ 6-ാം ചട്ടപ്രകാരം വെടിക്കെട്ടിനുള്ള സ്ഫോടക വസ്തുക്കൾ അംഗീകാരത്തിനായി ശിവകാശിയിലെ Firework Research & Development Center (FRDC) ൽ വച്ച് പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. |
| ഡി) | വെടിക്കെട്ട് വസ്തുക്കൾ കൊച്ചിയിൽ പരിശോധിക്കുവാൻ അനുമതി തേടുകയും വെടിക്കെട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കേന്ദ്ര അധികൃതരുമായി ചർച്ച ചെയ്ത് പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**